


കാതിക്കുടം സമരപ്രവർത്തകൻ
അനിൽകുമാർ സംസാരിക്കുന്നു

# വ്യവസായ വകുപ്പ് സമരത്തെ പ്രതിരോധിക്കാൻ ശ്രമിക്കുന്നു

**കാതിക്കുടം സമരം നേരിടുന്ന വെല്ലുവിളികൾ ?**

കാതിക്കുടം സമരപ്രവർത്തകർക്ക് നേരെ പോലീസിനെയും ഗുണ്ടകളെയും ഉപയോഗിച്ച് കമ്പനിയും കമ്പനിക്ക് ഒത്താശചെയ്യുന്നവരും നടത്തുന്ന ആക്രമണങ്ങളാണ് ഇപ്പോൾ ഞങ്ങൾക്ക് മുന്നിലുള്ള പ്രധാന വെല്ലുവിളി. സമര പ്രവർത്തകർ നൽകുന്ന പരാതികൾക്ക് ന്യായമായ പരിഹാരം കാണാൻ പോലീസിന്റെ ഭാഗത്ത് നിന്നും ശ്രമങ്ങളൊന്നുമുണ്ടാകുന്നില്ല. പ്രത്യേകിച്ച് ചാലക്കുടി സർക്കിൾ ഇൻസ്‌പെക്ടർ കെ.പി.ജോസ് കമ്പനിയുടെ വക്താവിനെപ്പോലെയാണ് ഇപ്പോൾ പെരുമാറുന്നത്. കമ്പനി മാനേജ്മെന്റ് വളരെ ആസൂത്രിതമായി പണമൊഴുക്കി പോലീസിനെ അവരുടെ വരുതിയിലാക്കിയിരിക്കുന്നു. മാവോയിസ്റ്റുകളും തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളവരും സമരത്തിന്റെ പിന്നിലുണ്ടെന്ന് ആരോപിച്ച് ആക്ഷൻ കൗൺസിലിന് ലഭിക്കുന്ന ജനപിന്തുണ നഷ്ടപ്പെടുത്താനുള്ള ശ്രമമാണ് കമ്പനി ഇപ്പോൾ നടത്തുന്നത്. കമ്പനിക്ക് നേരേ നടന്ന മാവോയിസ്റ്റ് ആക്രമണത്തെക്കുറിച്ച് ശരിയായ അന്വേഷണം നടത്തണമെന്ന് ആക്ഷൻ കൗൺസിൽ പലതവണ ആവശ്യപ്പെട്ടിട്ടും പോലീസ് തയ്യാറായിട്ടില്ല കമ്പനിയുടെ ഗുണ്ടകൾ തന്നെയാണ് 'മാവോയിസ്റ്റുകൾ' എന്ന ലേബലിൽ എത്തി അക്രമം നടത്തിയതെന്ന് അന്വേഷണത്തിൽ തെളിയും എന്നുള്ളതിനാലാണ് പോലീസ് അന്വേഷണത്തിന് തയ്യാറാകാത്തത്. സമരത്തെ പൊളിക്കാനായി പുറത്ത് നിന്നും ഗുണ്ടകളെ ഇറക്കി കമ്പനി നടത്തുന്ന നാണംകെട്ട പരിപാടികൾക്ക് കൂട്ടുനിൽക്കുകയാണ് പോലീസും അധികാര സ്ഥാപനങ്ങളും. ഐ.ജി. ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥരെ നേരിൽ കണ്ട പരാതി നൽകിയിട്ടും അന്വേഷണത്തിന് നീക്കങ്ങളുണ്ടായില്ല. സമരപ്രവർത്തകയായ സിന്ധു അറസ്റ്റിലായ പ്രശ്നത്തെക്കുറിച്ചും വിഷുദിനത്തിൽ പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിനെക്കുറിച്ചുമെല്ലാം വിശദമായ അന്വേഷണം ആവശ്യപ്പെട്ടിട്ടും അവർ തയ്യാറായിട്ടില്ല.

**സമരത്തിന് രാഷ്ട്രീയ പരിഹാരമുണ്ടാകാത്തതിന് പ്രധാന കാരണം?**

ആദ്യം ഐക്യദാർഢ്യം പ്രഖ്യാപിച്ചിരുന്ന സി.പി.ഐ. പോലെയുള്ള രാഷ്ട്രീയ പാർട്ടികൾ പോലും പിന്നീട് മാറി. ലൈസൻസ് റദ്ദാക്കാൻ പഞ്ചായത്ത് നിർദ്ദേശം കൊടുത്തതിന് തൊട്ടടുത്ത ദിവസം പഞ്ചായത്ത് ഭരണ സമിതിയിലെ മൂന്ന് യു.ഡി.എഫ്. അംഗങ്ങളുടെ വീട്ടിൽ കമ്പനിയുടെ ഉന്നത ഉദ്യോഗസ്ഥൻ പോകുന്നത് ഞങ്ങൾ നേരിട്ട് കണ്ടതാണ്. അടുത്ത ദിവസം തന്നെ ലൈസൻസ് റദ്ദാക്കിയ തീരുമാനം പുനഃപരിശോധിക്കണമെന്ന് ആ മൂന്ന് മെമ്പർമാരും എഴുതിക്കൊടുത്തു. അതാണ് രാഷ്ട്രീയ പാർട്ടികളുടെ നിലപാട് . കമ്പനി സ്വാധീനിച്ചാൽ എല്ലാവരും കമ്പനിയുടെ ഒപ്പം പോകും.

**സി.പി.എമ്മിന്റെ നേതൃത്വത്തിൽ സമരത്തെ പ്രതിരോധിക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്നുമുണ്ടാകുന്ന ശ്രമങ്ങൾ എന്തെല്ലാം?**

വ്യവസായ വകുപ്പാണ് സമരത്തെ പ്രതിരോധിക്കാൻ പ്രധാനമായും ശ്രമിക്കുന്നത്. KSIDC യുടെ നേതൃത്വത്തിലാണ് അതിനുള്ള ശ്രമങ്ങൾ നടത്തുന്നത്. NGIL നെ ഉയർത്തിക്കെട്ടാൻ പല പരിപാടികളും KSIDC നടത്തുന്നുണ്ട്. സ്വകാര്യ കമ്പനിയാണ് എന്നകാശപ്പെടുന്ന NGIL ന്റെ തലപ്പത്തുള്ളത് വ്യവസായ വകുപ്പ് സെക്രട്ടറി ടി.ബാലകൃഷ്ണനും KSIDC ചെയർമാൻ അൽഖേഷ്കുമാർ ശർ




മ്മയുമാണ് . കമ്പനി വിവരാവകാശ ത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും സ്വകാര്യകമ്പനിയാണെന്നുമാണ് വി വരാവകാശ നിയമപ്രകാരം പലതും ആവശ്യപ്പെട്ടപ്പോൾ ലഭിക്കുന്ന മറു പടി. സ്വകാര്യകമ്പനിയുടെ തലപ്പ ത്ത് അപ്പോൾ എങ്ങിനെയാണ് ഈ രണ്ട് ഉയർന്ന സർക്കാർ ഉദ്യോഗസ്ഥർ വന്നത്. ഇത്തരത്തിൽ പരസ്പരവി രുദ്ധമായ കാര്യങ്ങളാണ് എപ്പോഴും NGIL പറയുന്നത്. വികസനത്തെ ക്കുറിച്ചുള്ള വ്യവസായ വകുപ്പ് സെ ക്രട്ടറി ബാലകൃഷ്ണന്റെ അഭിപ്രായം കൊക്കക്കോള പ്രസംഗത്തിൽ നിന്നും നമ്മളറിഞ്ഞതാണല്ലോ? അവർ ത ന്നെ ഈ കമ്പനിയുടെ തലപ്പത്തിരു ന്നാൽ ദുരിതമനുഭവിക്കുന്ന കാതിക്കു ടംകാരുടെ അവസ്ഥ എന്താകുമെന്ന് പറയേണ്ടതില്ലല്ലോ? ഏലഹഗശഃല്യ എ ന്ന ചഏകഘ കമ്പനിയുടെ പ്രൊഡ ക്ട് എറണാകുളം ലെ മെറിഡിയൻ ഹോട്ടലിൽവച്ച് ഉദ്ഘാടനം ചെയ്യാൻ ആരോഗ്യമന്ത്രിയും വ്യവസായമ ന്ത്രിയും വരാതിരുന്നതായിരുന്നു. അ വർ അവസാനനിമിഷം പിന്മാറി.

**പ്രാദേശിക ഭരണ സംവിധാന ങ്ങളെ കമ്പനി ഏതെല്ലാം തര ത്തിലാണ് സ്വാധീനിക്കാൻ ശ്ര മിക്കുന്നത് ?**

പഞ്ചായത്തുകൾ കമ്പനിയിൽ നിന്നും പണം പറ്റിയതിനുള്ള വ്യക്തമായ തെ ളിവുകൾ ഞങ്ങൾക്കുണ്ട്. ഭവനപ ദ്ധതിക്കായി കൊരട്ടി പഞ്ചായത്തിന് കമ്പനി മൂന്നേമുക്കാൽ ലക്ഷം രൂപ സംഭാവന നൽകി. സമീപ പഞ്ചാ യത്തുകളെ സാമ്പത്തികമായി സഹാ യിച്ച് വിലയ്ക്കുവാങ്ങാൻ കമ്പനി ശ്ര മം നടത്തുന്നുണ്ട്. കാടുകുറ്റിയിൽ ജനങ്ങളുടെ നേതൃത്വത്തിൽ നടന്ന ചാത്തൻചാൽ ഇറിഗേഷൻ പദ്ധതി ക്ക് ആറേമുക്കാൽ ലക്ഷം രൂപ കൊ ടുത്തു. പഞ്ചായത്ത് അനുമതി നൽ കാത്ത പദ്ധതിയാണിത്. എന്നിട്ടും ജനങ്ങളെ കൂടെ നിർത്താൻ വേണ്ടി കമ്പനി പണമിറക്കുന്നു. കുടുംബ ശ്രീകൾക്ക് സാമ്പത്തികസഹായം നൽകാനുള്ള ശ്രമവും നടത്തുന്നുണ്ട്. എന്നിട്ടും ജനപിന്തുണയാർജ്ജിക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടില്ല. തൊഴിലാ ളികളുടെ ആശ്രിതർ മാത്രമാണ് ക മ്പനിയുടെ ഇത്തരം പ്രവർത്തനങ്ങ ളോട് താൽപര്യം കാണിക്കുന്നത്.

**വരാനിരിക്കുന്ന തദ്ദേശസ്വയം ഭരണ തെരഞ്ഞെടുപ്പിൽ പ്രാദേ ശികമായി വലിയ ജനപിന്തുണ യുള്ള ആക്ഷൻ കൗൺസിൽ സ്വീകരിക്കുന്ന നിലപാടെന്ത് ?**

ഇലക്ഷനോട് അനുബന്ധിച്ച് രാഷ്ട്രീ യപാർട്ടികൾ സമരത്തോട് എന്ത് നി ലപാട് സ്വീകരിക്കുന്നു എന്നത് ഞ ങ്ങൾ നോക്കുന്നില്ല. അവരുടെ നില പാടിൽ ഒരു കാര്യവുമില്ലെന്നാണ് മുൻ കാല അനുഭവങ്ങൾ. ആക്ഷൻ കൗൺസിലിന് എതുരുനിന്ന മെമ്പർ മാരെ ഉറപ്പായും തോൽപ്പിക്കും. രാ ഷ്ട്രീയ പാർട്ടികളുടെ പൊയ്മുഖം പുറത്തുകൊണ്ടുവരാനുള്ള അവസര മായി ഇലക്ഷൻ സമയത്തെ ഉപയോ ഗിക്കും.

**നിയമപരമായി എന്തെല്ലാം സാ ധ്യതകളാണ് ആക്ഷൻ കൗൺ സിലിന് ഇനിയുള്ളത്?**

നിയമം അനുസരിച്ച് മുന്നോട്ടുപോ കാൻ കമ്പനിക്ക് പ്രയാസമാണ്. ആ രുടെയും അനുമതിയില്ലാതെയാണ് ഇ ത്രയധികം വെള്ളം ദിനംപ്രതി ചാല ക്കുടി പുഴയിൽ നിന്നും അവർ ഊറ്റി യെടുക്കുന്നത്. ചാലക്കുടിപുഴയിലേ ക്ക് രണ്ടടി വ്യാസമുള്ള കോൺക്രീറ്റ് പൈപ്പിലൂടെ മാരകമായ രാസമാലി ന്യങ്ങൾ ഒഴുക്കിവിടുന്നു. സർവ്വനി യമങ്ങളും മര്യാദകളും ലംഘിച്ചുകൊ ണ്ടാണിത് ആയിരത്തിലധികം ഇറിഗേ ഷൻ പദ്ധതികളുള്ള പുഴയാണ് ചാ ലക്കുടിപ്പുഴ എന്നതിനാൽ കേസിൽ അക്കാര്യം കമ്പനിക്കെതിരെയുള്ള സുപ്രധാന പ്രശ്നമായി ആരോപിക്ക പ്പെടും. പഞ്ചായത്ത് കമ്പനിക്കെതി രെ നടത്തുന്ന കേസിൽ ആക്ഷൻ കൗൺസിലും കക്ഷിചേർന്നിട്ടുണ്ട്. പഞ്ചായത്ത് ലൈസൻസ് റദ്ദാക്കിയ സമയത്ത് കമ്പനി കോടതിയെ സ മീപിക്കുകയും കോടതി മലിനീകര ണനിയന്ത്രണബോർഡിനോട് വിശദീ കരണം തേടുകയും ചെയ്തു. കമ്പ നിക്കനുകൂലമായാണ് മലിനീകരണ നിയന്ത്രണബോർഡ് കോടതിക്ക് റി പ്പോർട്ട് നൽകിയത്. തുടർന്ന് കമ്പ നിയുടെ ലൈസൻസ് റദ്ദാക്കിയ തീ രുമാനം പിൻവലിക്കാൻ കോടതി പ ഞ്ചായത്തിനോട് ആവശ്യപ്പെട്ടു. ക മ്പനിയും മലിനീകരണ നിയന്ത്രണ ബോർഡും ഒത്തുകളിച്ച് കോടതിയെ തെറ്റിദ്ധരിപ്പിച്ചു. വളമാണെന്ന പേ രിൽ കേരളത്തിന്റെ പലയിടങ്ങളിലും കമ്പനി വിതരണം ചെയ്ത ഖരമാലി ന്യങ്ങൾ മാരകമായ വിഷമടങ്ങിയതാ ണെന്ന് തെളിവുകൾ ലഭിച്ചിട്ടുണ്ട്. അത് വച്ചൊരു കേസ് കൊടുക്കാനു ള്ള ഒരുക്കങ്ങളിലാണ് ഇപ്പോൾ ആ ക്ഷൻ കൗൺസിൽ.

**തുടർപ്രവർത്തനങ്ങൾ ?**

സമരത്തിന്റെ സന്ദേശം കൂടുതൽ ജ നങ്ങളിലേക്കെത്തിക്കാനുള്ള പരിപാ ടികളാണ് ഇപ്പോൾ നടത്തിക്കൊണ്ടി രിക്കുന്നത്. സ്ക്വാഡുകൾ രൂപീക രിച്ച് വീടുവീടാന്തരം കയറിയിറങ്ങി ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആരം ഭിച്ചിട്ടുണ്ട്. ജനനീതിയുടെ റിപ്പോർ ട്ടിന്റെ സംഗ്രഹം പരമാവധി ആളുക ളിലേക്ക് എത്തിക്കുന്നുണ്ട്. ചാലക്കു ടി പുഴയെത്തുന്ന എല്ലാ പഞ്ചായത്തു കളിലും മേഖലകളിലും പുഴ മലിനീ കരണത്തിന്റെ പ്രശ്നങ്ങൾ ഉയർത്തി ക്കാട്ടി കോർണർ മീറ്റിംഗുകൾ നട ത്താൻ പദ്ധതിയുണ്ട്. മീറ്റിംഗുകൾ നടന്ന പല സ്ഥലത്തും അനുകൂലമാ യ പ്രതികരണമാണ് ജനങ്ങളിൽ നി ന്നും ലഭിച്ചത്. കമ്പനി സൃഷ്ടിക്കു ന്ന ആരോഗ്യനഷ്ടവും ജൈവനഷ് ടവും കണക്കാക്കി അതിനനുസരിച്ചു ള്ള നഷ്ടപരിഹാരം കൂടി നൽകി മാ ത്രമേ കമ്പനി അടച്ചുപൂട്ടാൻ പാടു ള്ളൂ എന്നാണ് ഞങ്ങൾ മുന്നോട്ടുവ യ്ക്കുന്ന ആവശ്യം. നഷ്ടപരിഹാ രം കണക്കാക്കാനുള്ള ഒരു ജനകീയ കണക്കെടുപ്പുകൂടി നടത്തേണ്ടതുണ്ട്.

**കാതിക്കുടത്തുനിന്ന് കാളകൂടത്തിലേക്ക്**

കാതിക്കുടത്തെ നിറ്റാജെലാറ്റിൻ ഇന്ത്യാ ലിമിറ്റഡ് കമ്പനി ഉണ്ടാക്കുന്ന മലിനീകരണത്തെ കുറിച്ചുള്ള ജന നീതി പഠനറിപ്പോർട്ട് പുറത്തിറങ്ങി. www.jananeethi.org